# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി 3/972/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 12/09/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ)
2.ജോയിന്റ് ഡയറക്ടർ, എൽ എസ് ജി ഡി,കണ്ണൂർ (ഇ മെയിൽ)
3.ഓഫീസ് കോപ്പി

നമ്പർ: കെഎസ്എ/കെഎൻആർ/സി 3/972/2023 തീയ്യതി: 12/09/2023

## കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-11-2022 മുതൽ 17-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സന്തോഷ്. കെ. വി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 19-06-2023 | 26-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-06-2023 | 26-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീമതി.സിന്ധു.ടി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. ശ്രീ.ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീമതി.നിഷ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.പ്രമോദ്.കെ, ഓഡിറ്റർ (22.06.23 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സി. എം. കൃഷ്ണൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. പ്രസീത. കെ. വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാലകൃഷ്ണൻ. കെ. എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. റോസ്ലിജി. സി. ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അൽഫോൻസ ജോസഫ് | ക്ഷീരവികസന ഓഫീസർ, ആലക്കോട് | 01-04-2022 | 31-03-2023 |
| ശ്രീമതി. സ്മിത മാരാർ | ക്ഷീര വികസന ഓഫീസർ,തളിപ്പറമ്പ | 01-04-2022 | 16-07-2022 |
| ശ്രീ.നിഷാദ്. വി. കെ | ക്ഷീര വികസന ഓഫീസർ,തളിപ്പറമ്പ(അധികചുമതല) | 17-07-2022 | 20-10-2022 |
| ശ്രീമതി.ബീന. പി. വി | ക്ഷീര വികസന ഓഫീസർ,തളിപ്പറമ്പ(അധികചുമതല) | 21-10-2022 | 31-03-2023 |
| ശ്രീമതി.ഷീന. എം കണ്ടത്തിൽ | ശിശുവികസന പദ്ധതി ഓഫീസർ,തളിപ്പറമ്പ | 01-04-2022 | 15-10-2022 |
| ശ്രീമതി. രേണുക പാറയിൽ | ശിശുവികസന പദ്ധതി ഓഫീസർ,തളിപ്പറമ്പ(അധികചുമതല) | 16-10-2022 | 31-03-2023 |
| ശ്രീമതി. രേണുക പാറയിൽ | ശിശുവികസന പദ്ധതി ഓഫീസർ,തളിപ്പറമ്പ 1 | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീജ വി ടി | ശിശുവികസന പദ്ധതി ഓഫീസർ, അഡിഷണൽ 2,ആലക്കോട് | 01-04-2022 | 15-12-2022 |
| ശ്രീമതി ശ്രീജ പി എം | ശിശുവികസന പദ്ധതി ഓഫീസർ, അഡിഷണൽ 2,ആലക്കോട് | 16-12-2022 | 31-03-2023 |
| ശ്രീ സുനിൽ എം | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ബിന്ദു കെ കെ | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 01-04-2022 | 01-04-2022 |
| ശ്രീമതി. ബിജിമോൾ കെ ബേബി | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 02-04-2022 | 30-06-2022 |
| ശ്രീമതി സപ്ന കെ | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 01-07-2022 | 17-10-2022 |
| ശ്രീമതി ലത പി | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 18-10-2022 | 31-03-2023 |
| ശ്രീമതി കൈരളി കെ കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സ്നേഹലത പോള | മെഡിക്കൽ ഓഫീസർ, സി എച്ച് സി ഒട്ടുവള്ളി | 01-04-2022 | 30-05-2022 |
| ഡോ.അനിത പി വി | മെഡിക്കൽ ഓഫീസർ, സി എച്ച് സി ഒട്ടുവള്ളി | 31-05-2022 | 31-03-2023 |
| ശ്രീ അനൂപ് കെ വി | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 23-06-2022 |
| ശ്രീ ഗിരീഷ് പി പി | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 24-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-1-2 |
| 4 | രസീത് തെറ്റായ ശീർഷകത്തിൽ നല്കി | 1-1-3 |
| 5 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല | 1-1-5 |
| 7 | അസറ്റ്, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല | 1-1-6 |
| 8 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- ബി 18 ഷെഡ്യൂളിൽ ക്രമീകരിക്കാത്ത തുക ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- വാർഷിക ധനകാര്യ പത്രികയിലെ തുകയും സുലേഖ ചെലവ് പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്യാഷ് പരിശോധന | 1-6 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 18 | ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് | 1-8 |
| 19 | ഡെപ്പോസിറ്റ് വർക്ക്- എഗ്രിമെന്റ് വെക്കാതെ തുക കൈമാറിയതും മറ്റ് അപാകങ്ങളും -₹5,31,615 തടസ്സത്തിൽ വെക്കുന്നു | 1-9 |
| 20 | തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ- 9200/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 1-10 |
| 21 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല- ₹70841 തടസ്സത്തിൽ വെക്കുന്നു | 1-11 |
| 22 | തെരുവ് നായ സംരക്ഷണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-12 |
| 23 | സ്വരാജ് ട്രോഫി ഡോക്യുമെന്റേഷൻ - ആദായ നികുതി ഈടാക്കിയിട്ടില്ല | 1-13 |

| | | |
|---|---|---|
| 24 | ബ്ലോക്ക് ഓഫീസിൽ ബയോമെട്രിക്ക് പഞ്ചിംഗ് സിസ്റ്റം സ്ഥാപിക്കൽ - പ്രവർത്തന ക്ഷമമായിട്ടില്ല | 1-14 |
| 25 | ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-₹40,88,447 തടസ്സത്തിൽ വെക്കുന്നു | 1-15 |
| 26 | ബ്ലോക്ക്തല വയോജന കലാമേള - തനത് ഫണ്ടിൽ നിന്നും മുൻകൂറായി അനുവദിച്ച തുക റീക്കുപ്പ് ചെയ്തിട്ടില്ല | 1-16 |
| 27 | കമ്പ്യൂട്ടർ, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങൽ-ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല - ₹83316 തടസ്സത്തിൽ വെക്കുന്നു. | 1-17 |
| 28 | പട്ടികജാതി വികസന ആഫീസ് ചെലവുകൾ-രേഖകൾ ഹാജരാക്കിയിട്ടില്ല. ₹28527യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 29 | ആലക്കോട് ക്ഷീര വികസന ഓഫീസ് ചെലവുകൾ-അപാകങ്ങൾ. | 1-19 |
| 30 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 31 | സ്വയം തൊഴിൽ സബ്സിഡി- ജനറൽ ഗ്രൂപ്പുകൾ-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല- 9,60,000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. | 1-21 |
| 32 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വിതരണം- അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല. 10 ലക്ഷം രൂപയുടെ ചെലവുകൾ തടസ്സത്തിൽ വയ്ക്കുന്നു | 1-22 |
| 33 | കുടിവെള്ള പദ്ധതി -നിർവ്വഹണത്തിൽ സർക്കാർ നിർദേശം പാലിക്കേണ്ടതാണ്. | 1-23 |
| 34 | ബാക്കിയുള്ള കരിങ്കല്ല് ലേലം ചെയ്ത് തുക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-24 |
| 35 | ഡോക്ടർ പാരാമെഡിക്കൽ ജീവനക്കാരുടെ ഹോണറേറിയം-തസ്തിക അനുവദിച്ചു കിട്ടിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-25 |
| 36 | സി.എച്ച്.സി.ഒട്ടുവള്ളിത്തട്ട് - ഇന്ധനച്ചെലവ്- മൈലേജ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 1-26 |
| 37 | ഓഫീസ് ചെലവുകൾക്കായി വികസന ഫണ്ട് ഉപയോഗിച്ചത് ശരിയല്ല | 1-27 |
| 38 | ഷീ ലോഡ്ജ് നിർമ്മാണം-ബിൽഡിംഗ് പെർമിറ്റ് ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ,വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.05.2023 തീയതിയിലെ 44/23(13) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 03.06.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
12.09.2023.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

എ) അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.
ബി) അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

ക്യാഷ് ഫ്ലോ പത്രികയിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പം നീക്കിയിരിപ്പം തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 രസീത് തെറ്റായ ശീർഷകത്തിൽ നല്കി

അദർ ഡെപ്പോസിറ്റ് ഇനത്തിൽ ബി 7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 20,00,000/- രൂപ 799013000000642 നമ്പർ എൽ ജി ടി എസ് ബി അക്കൗണ്ടിൽ നിന്ന് 40493100011585 നമ്പർ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലേക്ക് 05.05.2021 തീയതിയിൽ മാറ്റി നിക്ഷേപിച്ച തുകയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ബി-7 ഷെഡ്യൂളിലെ ഡെപ്പോസിറ്റ് ഹെഡിലാണ് പ്രസ്തുത തുക ഉൾപ്പെടുത്തിയത്.

### 1-1-4 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

ബി4 ഷെഡ്യൂളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ഹെഡ്ഡുകളിൽ വരുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല (ഗ്രാന്റ് ലഭിച്ച വർഷം, ലഭിച്ച തുക, ചെലവഴിച്ച തുക, ഉദ്ദേശ്യം മുതലായവ).

A) IWDP- 3,25,958/- രൂപ

B) IAY- 2,95,511/- രൂപ

C) Grants, Funds, Contributions For Specific Purpose – Other Central Government Grants 10,38,187/- രൂപ

D) Contributions For Joint Venture Projects - Village Panchayaths 370000/- രൂപ

E) Contributions For Joint Venture Projects – District Panchayath 19,28,933/- രൂപ

F) Beneficiary Contribution 2,58,902/- രൂപ

G) Recoveries Payable – Covid 1,24,600/- രൂപ. പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല

റെന്റ് ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയത്. മറ്റ് ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

### 1-1-6 അസറ്റ്, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ആസ്തിമൂല്യങ്ങളുടെയും തേയ്മാനത്തിന്റെയും കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

### 1-1-7 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 2022-23 സാമ്പത്തിക വർഷം വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ 23,20,000/- രൂപയും എസ് സി പി വിഭാഗത്തിൽ 16,20,000/- രൂപയും ടി എസ് പി വിഭാഗത്തിൽ 3,00,000/- രൂപയും സി എഫ് സി ടൈഡ് ഫണ്ട് വിഭാഗത്തിൽ 60,00,000/- രൂപയും കൂട്ടിച്ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ഏതൊക്കെ പദ്ധതികൾക്കു വേണ്ടിയാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല.

### 1-1-8 ഡെപ്പോസിറ്റ് പ്രവൃത്തികൾ- ബി 18 ഷെഡ്യൂളിൽ ക്രമീകരിക്കാത്ത തുക ഉൾപ്പെടുത്തിയിട്ടില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് നല്കിയതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതുമായ തുക ബി 18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണം – കുളാമ്പി -സ്വരാജ് മുക്ക് കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 82,00,000/- രൂപ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെ മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നല്കിയതിൽ ഏതെങ്കിലും തുക ക്രമീകരിക്കപ്പെടാതെ കിടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് യാതൊരു സംവിധാനവും ഇല്ലാത്ത സാഹചര്യമാണ് നിലനില്ക്കുന്നത്. ഡെപ്പോസിറ്റ് വർക്കുകൾക്കായി ഏജൻസികൾക്ക് മുൻകൂറായി നല്കുന്ന തുക നിരീക്ഷിക്കുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

### 1-1-9 ധനകാര്യ കമ്മീഷൻ ഗ്രാന്റ്- വാർഷിക ധനകാര്യ പത്രികയിലെ തുകയും സുലേഖ ചെലവ് പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനങ്ങളിൽ ഐ 6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും അപ്രോപ്രിയേഷൻ കൺട്രോൾ

രജിസ്റ്റർ, സുലേഖ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള ചെലവു പത്രിക എന്നിവയിൽ രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുക വരാത്തതാണ് വ്യത്യാസത്തിന് കാരണം എന്നാണ് അറിയിച്ചത്. കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഒഴിവാക്കിയാലും തുക പൊരുത്തപ്പെടുന്നില്ല.

| ഇനം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുക (ചെലവ്) | സുലേഖ ചെലവു പത്രിക പ്രകാരമുള്ള തുക | ഐ-6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയ തുക |
|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 1,58,37,911 | 1,30,30,548 | 1,23,28,164 | 60,00,000 |

## 1-1-10 ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ബി 18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 16,49,230/- രൂപയിൽ 11,68,930/- രൂപ മുൻവർഷം ക്രമീകരിക്കാൻ ബാക്കിയുള്ള തുകയാണ്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച എം എൻ ആർ ഇ ജി എസ് ഗ്രാന്റിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ലഭിച്ച ഗ്രാന്റുപയോഗപ്പെടുത്തി മുൻകൂർ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 24.03.22 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 21.03.23 തീയതിയിലെ 29/23 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ്പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 0 | 0 |
| വരവ് | 60,13,38,650 | 57,65,19,650 |
| ആകെ | 60,13,38,650 | 57,65,19,650 |
| ചെലവ് | 58,69,22,450 | 57,28,70,099 |
| നീക്കിയിരിപ്പ് | 1,44,16,200 | 36,49,551 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,29,84,186 |
| വരവ് | 11,88,08,599 |
| ആകെ | 13,17,92,785 |
| ചെലവ് | 11,57,52,689 |
| നീക്കിയിരിപ്പ് | 1,60,40,096 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹67,71,946 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന | 0 | 4,89,25,000 | 4,89,25,000 | 4,50,02,930 | 39,22,070 |

| | | | | | |
|---|---|---|---|---|---|
| ഫണ്ട് ജനറൽ | | | | | |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 71,84,000 | 71,84,000 | 51,84,000 | 20,00,000 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 40,51,000 | 40,51,000 | 39,33,000 | 1,18,000 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 1,22,75,000 | 1,22,75,000 | 68,95,718 | 53,79,282 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് ബേസിക്ക് | 34,35,619 | 78,88,000 | 1,13,23,619 | 92,89,850 | 20,33,769(*) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 8,74,616 | 1,53,73,167 | 1,62,47,783 | 65,48,061 | 96,99,722 (1208864-ലാപ്സായ തുക) |

(*) ബി 4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 24,01,720 രൂപയാണ്. 367951രൂപയുടെ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.
കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററോ വ്യക്തമായ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ലഭ്യമല്ലാത്തിനാൽ പ്രസ്തുത ഫണ്ടുകളുടെ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.
ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 142 | 15,12,75,561 | 113 | 9,05,17,990 | 34 | 29 | 79 | 55.6 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സിഡിപിഒ | 13 | 11 | 68,74,420 | 66,05,190 | 96 |

| | | | | | |
|---|---|---|---|---|---|
| (തളിപ്പറമ്പ, തളിപ്പറമ്പ അഡിഷണൽ 1&11) | | | | | |
| സെക്രട്ടറി | 59 | 45 | 8,54,23,179 | 4,75,84,150 | 55.7 |
| ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 2,00,000 | 2,00,000 | 100 |
| മെഡിക്കൽ ഓഫീസർ,സിഎച്ച്സി | 8 | 8 | 34,24,372 | 32,89,456 | 96 |
| എസ് സി ഡി ഒ | 1 | 1 | 50,000 | 50,000 | 100 |
| അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 4 | 4 | 38,46,981 | 37,76,981 | 98.2 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ (തളിപ്പറമ്പ,ആലക്കോട്) | 6 | 6 | 32,21,600 | 30,91,159 | 95.95 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 26,60,000 | 26,47,500 | 99.5 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 13 | 8 | 2,37,22,798 | 87,89,448 | 37 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 35 | 27 | 2,18,52,211 | 1,44,84,106 | 66.3 |
| ആകെ | 142 | 113 | 15,12,75,561 | 9,05,17,990 | 59.8 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.23-ന് വൈകുന്നേരം 4 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു .

## 1-7 ആഭ്യന്തര നിയന്ത്രണം

ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിക്കാത്തത് അപാകമാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.കൈമാറിക്കിട്ടിയ സ്ഥാപനത്തിന്റെ ഓഫീസ് ചെലവുകൾക്കായി വികസന ഫണ്ട് വകയിരുത്തി ചെലവഴിച്ചത് ശരിയായ നടപടിയല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതാണെങ്കിലും മോണിറ്ററിംഗ് നടത്തിയതായി രേഖകളില്ല. ബ്ളോക്ക് പഞ്ചായത്തിന്റെ പ്രധാന തനത് വരുമാന സ്രോതസ്സായ വ്യവസായ എസ്റ്റേറ്റുകളിലെ കെട്ടിടങ്ങളുടെ വാടക ഇനത്തിൽ കുടിശ്ശിക വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കുടിശ്ശിക തുക ഈടാക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
6.4 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച മഴവെള്ള സംഭരണി നിലവിൽ പൊളിച്ചു മാറ്റിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം നിർമ്മിച്ച മഴവെള്ള പാർക്കും ഉപയോഗ ശൂന്യമായ നിലയിലാണുള്ളത്. കൃത്യമായ ആസൂത്രണത്തോടെ പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 14 വയോജന വിശ്രമകേന്ദ്രങ്ങൾ ഉണ്ടെന്നാണ് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് മറുപടി നല്കിയത്. എല്ലാ കേന്ദ്രങ്ങളിലും വൈദ്യുതി എത്തിച്ചിട്ടുണ്ടെന്നും കുടിവെള്ള സൗകര്യം ഇല്ലാത്ത രണ്ടെണ്ണത്തിന് പ്രസ്തുത സൗകര്യം ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ 2023-24 സാമ്പത്തിക വർഷം ഏറ്റെടുത്തിട്ടുണ്ടെന്നും മറുപടിയിൽ ഉണ്ട്. എല്ലാ വയോജന വിശ്രമകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ടെന്നും ഏകദേശം 50 ഓളം ഗുണഭോക്താക്കൾ പ്രസ്തുത സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സ്ഥാപിക്കപ്പെട്ട വയോജന വിശ്രമകേന്ദ്രങ്ങൾ അതേ ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ നിർമ്മിച്ച് വരുന്ന ഷീ ലോഡ്ജിന് തളിപ്പറമ്പ നഗരസഭയിൽ നിന്നും നിർമ്മാണാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ഷീ ലോഡ്ജിന്റെ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കാത്തതും അപാകമാണ്.

## 1-8 ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്

2022-23 സാമ്പത്തിക വർഷം 04.05.22,22.12.22 തീയതികളിലായി രണ്ടു തവണ ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭ ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട മേൽത്തട്ട് നിർദ്ദേശങ്ങൾ പ്രസ്തുത ഗ്രാമസഭകളിൽ അവതരിപ്പിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല എന്നത് അപാകമാണ്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിലൊന്നും തന്നെ പദ്ധതി അവലോകനം അജണ്ടയായി ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നിർദ്ദേശങ്ങൾ നല്കുന്നതിലേക്ക് മാത്രമായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ചുരുങ്ങിപ്പോകുന്നത് ശരിയല്ല.

## 1-9 ഡെപ്പോസിറ്റ് വർക്ക്- എഗ്രിമെന്റ് വെക്കാതെ തുക കൈമാറിയതും മറ്റ് അപാകങ്ങളും -₹5,31,615 തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ, പേര് | 169/22,46/23 (സ്പിൽ ഓവർ), തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ കുടിവെള്ള പദ്ധതികൾ (കുളാമ്പി-സ്വരാജ്മുക്ക് കുടിവെള്ള പദ്ധതി) |
| അടങ്കൽ ₹90.2 ലക്ഷം | ₹82 ലക്ഷം (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>₹8.2 ലക്ഷം (ഗുണഭോക്തൃവിഹിതം – നേരിട്ട്) |
| ചെലവ് | ₹82 ലക്ഷം (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>₹48,87,764 (2021-22 സാമ്പത്തിക വർഷത്തെ ചെലവ്)<br>₹27,80,621 (2021-22 സാമ്പത്തിക വർഷത്തെ ചെലവ്)<br>₹5,31,615 - ബിൽ നമ്പർ XVFC/22-23/P/12, തീയതി 18.07.2022<br>അക്കൗണ്ട് ട്രാൻസ്ഫർ – അക്കൗണ്ട് നമ്പർ 67338447404 എസ് ബി ഐ-എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി |
| നിർവ്വഹണ ഏജൻസി | കേരള വാട്ടർ അതോറിറ്റി, തളിപ്പറമ്പ് വാട്ടർ സപ്ലൈ ഡിവിഷൻ |

2021-22 സാമ്പത്തിക വർഷം 76,68,385/- രൂപയും 2022-23 സാമ്പത്തിക വർഷം 5,31,615/- രൂപയുമാണ് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളത്. വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന 84 കുടുംബങ്ങളാണ് പദ്ധതി ഗുണഭോക്താക്കൾ. സോഷ്യൽ മാപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി പ്രദേശത്ത് എസ്.സി/ എസ്.ടി വിഭാഗത്തിൽ പെടുന്ന എത്ര കുടുംബങ്ങൾ ഉണ്ട് എന്ന് വ്യക്തമല്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കാൻ ഉദ്ദേശിച്ച പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. ഡെപ്പോസിറ്റ് ചെയ്ത

തുക വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സ.ഉ(സാധാ)1069/18/തസ്വഭവ തീയതി 16.04.2018 നമ്പർ ഉത്തരവിൽ പി ഡബ്ല്യു ഡി മാന്വൽ വാട്ടർ അതോറിറ്റിക്കും ബാധകമായതിനാൽ പ്ലാൻ, എസ്റ്റിമേറ്റ് ഇവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജിനത്തിൽ 2.5% തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള എസ്റ്റിമേറ്റിൽ (സംക്ഷിപ്തം) 10% സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഏജൻസിയിൽ നിന്നും രേഖാമൂലമുള്ള അറിയിപ്പ് ലഭ്യമായ ശേഷം വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് വച്ച ശേഷം ഡെപ്പോസിറ്റ് വർക്കിനായി തുക കൈമാറാം എന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഡിഎ1/64/22 തീയതി 09.03.22 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റ് വെക്കാതെയാണ് തുക കൈമാറിയത്. വിശദമായ എസ്റ്റിമേറ്റ് പ്രോജക്ട് ഫയലിന്റെ ഭാഗമാക്കിയിട്ടില്ല.

4. പദ്ധതിയുടെ വിഭവ സ്രോതസ്സായി 8.2 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ വകയിരുത്തിയത് ഏത് രീതിയിൽ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല.

5. കേരള വാട്ടർ അതോറിറ്റിയുടെ കെ.ഡബ്ല്യു.എ/ഡബ്ല്യു.എസ്.ഡി.എൻ/ടി.പി.ബി.എ/ഡി3/128/2015/ജനറൽ തീയതി 01.09.2022 നമ്പർ കത്തിൽ ജൽജീവൻ മിഷൻ മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയിൽ കുളാമ്പി സ്വരാജ് മുക്ക് പ്രദേശവും ഉൾപ്പെടുന്നുണ്ടെന്നും ആയതിനാൽ പദ്ധതി നടപ്പാക്കാൻ നിർവ്വാഹമില്ലെന്നും ഡെപ്പോസിറ്റ് ചെയ്ത തുക തിരിച്ച നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ തുക തിരിച്ച കിട്ടിയാലും ബ്ലോക്ക് പഞ്ചായത്തിന് ഉപയോഗപ്പെടുത്താൻ സാധിക്കില്ലെന്നും സർക്കാരിലേക്ക് തിരിച്ച നൽകേണ്ടതായി വരുമെന്നും ആയതിനാൽ പദ്ധതി ഡെപ്പോസിറ്റ് വർക്കായി തന്നെ നടപ്പാക്കണമെന്നും ആവശ്യപ്പെടാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.09.2022ലെ 125(2)/22 നമ്പർ തീരുമാന പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. 82 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ഡെപ്പോസിറ്റ് ചെയ്യുകയും തുക വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തത് ആസൂത്രണത്തിലെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു.

നിലവിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നാണ് വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും വ്യക്തമാകുന്നത്. പ്രസ്തുത സർവ്വെയിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന പദ്ധതി പ്രദേശം ഒഴിവാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതും എഗ്രിമെന്റ് വെക്കാതെയും മറ്റ് പ്രാരംഭ നടപടിക്രമങ്ങൾ പാലിക്കാതെയും സാമ്പത്തിക വർഷാവസാനം (2021-22) വലിയ തുക പിൻവലിച്ച് ഡെപ്പോസിറ്റ് ചെയ്ത് പദ്ധതിച്ചെലവായി രേഖപ്പെടുത്തുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ലിസ്റ്റിൽ കുളാമ്പി സ്വരാജ് മുക്ക് കുടിവെള്ള പദ്ധതിയുടെ പേര് ഓഡിറ്റ് തീയതി വരെയും ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 1/21.06.23 ന് മറുപടിയായി പ്രവൃത്തി നടത്തിപ്പിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ടെന്നാണ് അറിയിച്ചത്. കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തിയുടെ വിനിയോഗം സംബന്ധിച്ച വിവരം വാട്ടർ അതോറിറ്റി ലഭ്യമാക്കാതെ എങ്ങനെയാണ് പ്രവൃത്തിയുടെ ഉദ്ഘാടനം കഴിഞ്ഞു എന്ന മറുപടി ലഭ്യമാക്കിയത് എന്ന് വിശദീകരിക്കേണ്ടതാണ്.

മേൽക്കാരണങ്ങളാൽ ഓഡിറ്റ് വർഷം ചെലവഴിച്ച ₹5,31,615 തടസ്സത്തിൽ വെക്കുന്നു. പ്രവൃത്തി നാളിതുവരെ നടക്കാത്ത സാഹചര്യത്തിലും, വാട്ടർ അതോറിറ്റി ചെയ്യാൻ നിർവ്വാഹമില്ല എന്നറിയിച്ചിട്ടുള്ളതിനാലും ഇതു സംബന്ധിച്ച് വ്യക്തത വരുത്തി ചെയ്യാൻ നിർവ്വാഹമില്ലാത്തതാണെങ്കിൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ-9200/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെക്ക് നം., തീയതി, തുക | അപാകം | ഓഡിറ്റ് എൻക്വയറി നം.6/21.6.2023ന് ലഭിച്ച മറുപടി | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|
| 1 | 2021-22 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് 100% ചെലവഴിച്ചതിനാൽ | XY6685724/ 20.4.22022 | നിർവ്വഹണ ഉദ്യോഗസ്ഥർ ഔദ്യോഗിക | തുക തിരിച്ചടച്ച് വിവരം അറിയിക്കുന്നതാണ് | ₹7200 ചെലവ് തടസത്തിൽ |

| | | | | | |
|---|---|---|---|---|---|
| | നിർവഹണ ഉദ്യോഗസ്ഥർക്ക് നല്കാൻ മെമെന്റോ തയ്യാറാക്കിയ വകയിൽ ഹേന ആർട്സ്, തളിപ്പറമ്പിന് നൽകിയത് | ₹7200 | കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ചെയ്യുന്ന കാര്യങ്ങൾക്ക് പ്രത്യേകം ഉപഹാരങ്ങൾ നല്കേണ്ടതില്ല. | | വെക്കുന്നു. |
| 2 | വാർഷികകണക്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി.ബീന കെ , ഹെഡ്അക്കൗണ്ടന്റിന് നൽകിയത് | XY6685768/ 23.6.2022 ₹2000 | വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിലെ അക്കൗണ്ടന്റിന് തുക നല്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. | ബ്ലോക്ക് പഞ്ചായത്തുകളിൽ IKM ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം ലഭ്യമല്ലാത്തതിനാൽ സാധാരണയായി ബ്ലോക്ക് പഞ്ചായത്തിന്റെ AFS തയ്യാറാക്കുന്ന തിന് വിദഗ്ധരെ പ്രതിഫലം നൽകി ചുമതലപ്പെടുത്താറുണ്ട്. പ്രസ്തുത ആവശ്യത്തിന് അക്കൗണ്ടന്റിന്റെ കൈയ്യിൽ നിന്നും ചെലവായ തുകയാണ് നൽകിയത് | മറുപടി തൃപ്തികരമല്ല. 2000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. |
| 3 | ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് 300 ബുക്കുകൾ പ്രിന്റ് ചെയ്ത വകയിൽ വീക്കോ പ്രസ്, തളിപ്പറമ്പിന് നൽകിയത് | 024822/ 22.6.2022 ₹1,47,840 | ആദായനികുതി സെക്ഷൻ 194(C) പ്രകാരം 2% ആദായ നികുതി ടി ഡി എസ് ചെയ്തിട്ടില്ല. | ആദായ നികുതി ഒടുക്കു വരുത്തി വിവരം അറിയിക്കുന്നതാണ്. | ടി ഡി എസ് ചെയ്ത് നികുതി ഫയൽ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. |

അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-11 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-₹70841 തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. & പേര് | 69/23, ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹70841 (വികസന ഫണ്ട്) |
| ചെലവ് | ₹70841 |
| ബിൽ നം. & തീയതി | 58/18.8.2022 |

ഐ കെ എം വിഹിതം നൽകൽ എന്ന മേൽ പദ്ധതിക്കായി ₹70841 ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (TSB A/c No.799010100348424) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/23.6.2023 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 70,841/- രൂപയുടെ ചെലവ് തടസ്സത്തിൽ

വെക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-12 തെരുവ് നായ സംരക്ഷണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 156/23, തെരുവ് നായ സംരക്ഷണം |
| അടങ്കൽ | ₹100000 (വികസന ഫണ്ട് ) |
| ചെലവ് | ₹100000 |
| ബിൽ നം. & തീയതി | 231/25.1.2023 |

പദ്ധതി നിർവഹണത്തിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ₹100000 ജില്ലാ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/23.6.2023 ന് പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.

## 1-13 സ്വരാജ് ട്രോഫി ഡോക്യുമെന്റേഷൻ - ആദായ നികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 186/23, സ്വരാജ് ട്രോഫി ഡോക്യുമെന്റേഷൻ |
| അടങ്കൽ | ₹100000 (വികസന ഫണ്ട്) |
| ചെലവ് | ₹100000 |
| ബിൽ നം. & തീയതി | 292/14.2.2023 |

2021-22 കാലഘട്ടത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ 4 മിനിട്ടിൽ അധികമാകാത്ത 3 വീഡിയോകൾ തയ്യാറാക്കിയതിന് ₹100000 സി-ഡിറ്റ് എന്ന സ്ഥാപനത്തിന് (SBI A/c No.67312078524) അനുവദിച്ചിട്ടുണ്ട്. ആദായ നികുതി സെക്ഷൻ 194 (C) പ്രകാരം 2% ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/23.6.2023ന് സി-ഡിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കി അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആദായനികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ബ്ലോക്ക് ഓഫീസിൽ ബയോമെട്രിക് പഞ്ചിംങ്ങ് സിസ്റ്റം സ്ഥാപിക്കൽ - പ്രവർത്തന ക്ഷമമായിട്ടില്ല

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 179/23, ബ്ലോക്ക് ഓഫീസിൽ ബയോമെട്രിക് പഞ്ചിംങ്ങ് സിസ്റ്റം |
| അടങ്കൽ | ₹100000 (തനത് ഫണ്ട്) |
| ചെലവ് | ₹26877 |
| ചെക്ക് നം. & തീയതി | MA2286313/25.3.2023 |

മേൽ പദ്ധതി പ്രകാരം ബയോമെട്രിക് പഞ്ചിംങ്ങ് സിസ്റ്റം സ്ഥാപിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനം സമർപ്പിച്ച എസ്റ്റിമേറ്റ് ₹53754 ആണ്. മുൻകൂറായി 50% തുകയും ഇൻസ്റ്റലേഷൻ പൂർത്തിയായാൽ 40% തുകയും സ്പാർക്കുമായി ബന്ധിപ്പിച്ചശേഷം 10% തുകയുമാണ് നൽകേണ്ടത്. എസ്റ്റിമേറ്റ് തുകയുടെ 50% മുൻകൂറായി സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെടാതെയാണ് തുക കൈമാറിയത്. ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.17/23.6.2023ന് പഞ്ചിംങ്ങ് സിസ്റ്റം പ്രവർത്തന ക്ഷമമായിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ അറിയിക്കേണ്ടതും പുരോഗതി കൃത്യമായി വിലയിരുത്തേണ്ടതുമാണ്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-

## ₹40,88,447 തടസ്സത്തിൽ വെക്കുന്നു

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | അടങ്കൽ | ചെലവ് | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത തുകയുടെ ബിൽ നം. തീയതി |
|---|---|---|---|---|
| 1 | 44/23, ചെങ്ങളായി ഗ്രാമ പഞ്ചായത്ത് – പി എച്ച് സി ശുചിത്വ സമുച്ചയം വിഹിതം നൽകൽ | ₹13,02,400 (CFC) | ₹10,79,987 | 331/5.3.2023<br>₹7,40,333<br>472/30.3.2023<br>₹3,39,654<br>ആകെ ₹10,79,987 |
| 2 | 9/23, ചെങ്ങളായി ഗ്രാമ പഞ്ചായത്ത് – ചുഴലി എഫ് എച്ച് സി ശുചിത്വ സമുച്ചയം വിഹിതം നൽകൽ | ₹9,16,000(CFC) | ₹3,68,855 | 466/30.3.2023<br>₹3,68,855 |
| 3 | 124/23, ലൈഫ് ഭവന പദ്ധതി – പട്ടികജാതി | ₹23,89,512 (വികസന ഫണ്ട്, ജനറൽ)<br>₹26,34,725 (വികസന ഫണ്ട്, എസ് സി പി)<br>ആകെ ₹5024237 | ₹5024237 | 214/9.1.2023<br>₹1,29,800<br>295/15.2.2023<br>₹6,40,000<br>₹7,69,800<br>(ആലക്കോട് ഗ്രാമപഞ്ചായത്തിന് അനുവദിച്ചത്) |
| 4 | 135/23, ലൈഫ് ഭവന പദ്ധതി – പട്ടികവർഗ്ഗം | ₹63,08,093 (വികസനഫണ്ട്)<br>₹24,31,712 (എസ് ടി പി)<br>₹87,39,805 | ₹87,39,805 | 143/23.11.2023<br>₹2,00,000<br>₹259/28.1.2023<br>₹6,00,000<br>352/15.2.2023<br>₹8,08,093<br>355/15.3.2023<br>₹1,11,712<br>₹17,19,805 |

| | | | | |
|---|---|---|---|---|
| | | | | (ആലക്കോട് ഗ്രാമ പഞ്ചായത്തിന് അനുവദിച്ചത്) |
| 5 | 188/23,പാലിയേറ്റീവ് പദ്ധതി - ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | ₹9,00,000 (വികസനഫണ്ട്) | ₹7,52,680 | 409/27.3.2023 ₹1,50,000 (ചെങ്ങളായി ഗ്രാമ പഞ്ചായത്തിന് അനുവദിച്ചത്) |
| | | | ആകെ | ₹40,88,447 |

₹40,88,447 തടസ്സത്തിൽ വെക്കുന്നു. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആയവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 ബ്ലോക്ക്തല വയോജന കലാമേള - തനത് ഫണ്ടിൽ നിന്നും മുൻകൂറായി അനുവദിച്ച തുക റീക്കൂപ്പ് ചെയ്തിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 181/2023, ബ്ലോക്ക്തല വയോജന കലാമേള |
| അടങ്കൽ ₹2,00,000 | ₹100000 (വികസന ഫണ്ട്)<br>₹100000 (ജില്ലാ പഞ്ചായത്ത് ഫണ്ട്) |
| ചെലവ് | ₹100000 (വികസന ഫണ്ട്) |
| ബിൽ നം. & തീയതി | 389/22.3.2023 |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 9 ഗ്രാമ പഞ്ചായത്തിലെ വയോജനങ്ങളെ പങ്കെടുപ്പിച്ച കൊണ്ട് വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുന്നതാണ് പ്രോജക്ട്. ജനറൽ എക്സ്റ്റൻഷൻ ഓഫീസർക്കായിരുന്നു പദ്ധതി നിർവ്വഹണ ചുമതല.
പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേരള ഗ്രാമീൺ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ (A/c No. 40493000011585) നിന്നും ₹50000 (ചെക്ക് നം. 030065/27.2.2023) ജനറൽ എക്സ്റ്റൻഷൻ ഓഫീസർക്ക് മുൻകൂറായി അനുവദിച്ചിരുന്നു. പദ്ധതി പൂർത്തീകരണത്തിന് ശേഷം 1 ലക്ഷം രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട്.
മുൻകൂറായി അനുവദിച്ച ₹50000 റീക്കൂപ്പ് ചെയ്തതിന്റെയും ശേഷിച്ച ₹50000 ജനറൽ എക്സ്റ്റൻഷൻ ഓഫീസറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/23.6.2023ന് ജനറൽ എക്സ്റ്റൻഷൻ ഓഫീസർക്ക് ₹50000 അനുവദിച്ചതിന്റെയും ₹50000 സർക്കാർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആയതിന്റെയും രേഖകളാണ് ഹാജരാക്കിയത്. ട്രഷറി ബിൽ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ട്രഷറി ബിൽ ഹാജരാക്കേണ്ടതും സർക്കാർ അക്കൗണ്ടിൽ നിന്നും തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരിച്ച കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 കമ്പ്യൂട്ടർ, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങൽ-ടാക്സ് ഇൻവോയ്സ്

ലഭ്യമാക്കിയിട്ടില്ല - ₹83316 തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്. (ആലക്കോട് ക്ഷീരവികസന യൂണിറ്റ്) |
| പ്രൊജക്റ്റ് നം. | 79/23 |
| പ്രൊജക്ടിന്റെ പേര് | ഡി.ഇ.ഒ ആലക്കോട് ഓഫീസിന് കമ്പ്യൂട്ടർ, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങൽ |
| അടങ്കൽ | ₹200000 (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ചെലവ് | ₹145739 |
| ബിൽ നം./തീയതി/തുക | (1) 22190363009000922659/17.12.2022/ ₹83316.<br>(2) 22190363009001105909/28.1.2023/ ₹54923.<br>(3) 22190363009001296733/6.3.2023/ ₹7500. |

ക്രമ നമ്പർ 1-ലെ ബി പ്രകാരം കെൽട്രോണിൽ നിന്ന് വാങ്ങിയ Lap Top ,Printer എന്നിവയുടെ Tax Invoice-ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/2022-23/22.6.2023) ലഭ്യമാക്കിയ മറുപടിയിൽ Tax Invoice ലഭ്യമാക്കുന്നതിന് കെൽട്രോണിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കാത്തതിനാൽ ₹83316യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. ആയത് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 പട്ടികജാതി വികസന ആഫീസ് ചെലവുകൾ-രേഖകൾ ഹാജരാക്കിയിട്ടില്ല. ₹28527യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടിക ജാതി വികസന ഓഫീസർ, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്. |
| പ്രൊജക്റ്റ് നം. | 128/23 |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി വികസന ആഫീസ് ചെലവുകൾ |
| അടങ്കൽ | ₹50000 (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ചെലവ് | ₹50000 |
| ബിൽ നം./ തീയതി/ തുക | (1) 22190363007600709721/29.10.2022/₹15376.<br>(2) 22190363007600981681/16.12.2022/₹11268<br>(3) 22190363007601069996/16.1.2023/₹6051.<br>(4) 22190363007601306182/6.3.2023/₹3850.<br>(5) 22190363007601306212/6.3.2023/₹1550.<br>(6) 22190363007601306278/6.3.2023/₹1700.<br>(7) 360/15.3.2023/₹8205.<br>(8) 361/15.3.2023/₹2000 |

(എ) ക്രമ നമ്പർ 1,3,4,6-ലെ ബില്ലുകളിൽ നിന്ന് കമ്പ്യൂട്ടർ, ലാപ്ടോപ്, പ്രിന്റർ എന്നിവയുടെ റിപ്പയറിനുള്ള അനുബന്ധ സാധനങ്ങൾ വാങ്ങിയതിന്റെയും, റിപ്പയർ ചെയ്തതിന്റെയും വകയിൽ 26977/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ്

സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നമ്പർ | ടാക്സ് ഇൻവോയ്സ് നം, തീയതി/ തുക | തുക അനുവദിച്ച അക്കൗണ്ട് നമ്പർ | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 22190363007600709721/29.10.22 | B2C-983/ 18.10.2022/ ₹15376 | 62153509443 | ₹15376 | പ്രിന്റർ അനുബന്ധ സാധനങ്ങൾ വാങ്ങിയതിന് |
| 22190363007601069996/16.1.23 | GST/CW/ S305/ 15.09.2022/ ₹6051 | 47680200000228 | ₹6051 | കമ്പ്യൂട്ടർ റിപ്പയർ ചാർജ്ജ് |
| 22190363007601306182/6.3.23 | GST/CW/670/ 01.01.2023 / ₹3850 | 47680200000228 | ₹3850 | കമ്പ്യൂട്ടർ , പ്രിന്റർ അനുബന്ധ സാധനങ്ങൾ വാങ്ങിയതിന് |
| 22190363007601306278/6.3.23 | GST/CW/671/ 1.1.2023/₹1700 | 47680200000228 | ₹1700 | കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ വാങ്ങിയതിന് |

റിപ്പയർ നടത്തുന്നതുമായി ബന്ധപ്പെട്ട് ആവശ്യകതാ നിർണ്ണയം നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/2022-23/23.06.2023) മറുപടിയായി കമ്പനിയിൽ അന്വേഷിച്ചപ്പോൾ പ്രിന്റർ റിപ്പയറിന് ഇത്രയും ചെലവ് വരും എന്നാണ് അറിയിച്ചതെന്നും പുതിയ പ്രിന്റർ വാങ്ങുന്നതിന് അനുമതിയില്ലാത്തതിനാലാണ് പ്രിന്റർ നന്നാക്കിയെടുത്തിട്ടുള്ളതെന്നും കമ്പ്യൂട്ടറിന്റെ വാറണ്ടി പിരിയഡ് അവസാനിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ അറ്റകുറ്റപ്പണികൾ നടത്തിയത് ശരിയായ നടപടിയല്ല.

(ബി) ക്രമനമ്പർ 5-ലെ ബിൽ പ്രകാരം 1550/- രൂപ ചെലവഴിച്ച് 01.03.2023-ലെ ഇൻവോയ്സ് നമ്പർ G 1222 പ്രകാരം 'നോക്കിയ' ഫോൺ വാങ്ങിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച സിം കാർഡ് ഇൻസ്റ്റാൾ ചെയ്യുന്നതിനു വേണ്ടിയാണ് ഫോൺ വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിനുള്ള അനുമതിയോ ഏത് മോഡലിലുള്ള ഫോൺ വാങ്ങാനാണ് നിർദ്ദേശമെന്നോ ഫോണിന്റെ ആവശ്യകത എന്തെന്നോ അറിയിച്ചിട്ടില്ല.

